# 'ഗേറ്റ്' തുറന്നു, ഇനി...

ലേഖനം| ടി. എ. അരുണാനന്ദ്
*(Dept. of Computer Science and Engineering, NIT Calicut)*

**Arunanand T A,**
**Thayyathazhath H,**
**Nayarambalam P O,**
**Ernakulam District,**
**Kerala - 682 509.**
**Mob: +91 - 9495 087 682**
**E-mail: arunanandta@gmail.com**

കഴിഞ്ഞ ആഴ്ച്ച 'ഗേറ്റ്' പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുകയുണ്ടായി. ഏഴുലക്ഷത്തോളം വിദ്ധ്യാർഥികളാണ് ഈ പരീക്ഷ എഴുതിയത്. വർധിച്ചു വരുന്ന ഈ സംഖ്യ സൂചിപ്പിക്കുന്നത് നമ്മുടെ വിദ്ധ്യാർഥികൾക്ക്, എം.ടെക് കോഴ്സുകളോട് ഏറി വരുന്ന പ്രതിപത്തിയാണ്. 'ഗേറ്റ്' പരീക്ഷയെക്കുറിച്ചുള്ള ചില സംസ്യങ്ങൾക്ക് മറുപടി നൽകുകയാണ് താഴെ:

**? എം.ടെക്. പഠനത്തിന് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളുടെ ഒരു റാങ്കിംഗ് പറയാമോ.**
= സ്ഥിരമായി വിദ്യാർഥികൾ ചോദിക്കുന്ന ഒരു ചോദ്യമാണ് ഇത്. പെട്ടെന്ന് ഒരു ഉത്തരം പറയുക എളുപ്പമല്ലതാനും. എം.ടെക്./എം.എസ്. പഠനത്തെ സംബന്ധിച്ചിടത്തോളം ഒരു സ്ഥാപനത്തിന് റാങ്കിംഗ് നൽകുന്നതിൽ അർഥം ഉണ്ടെന്നു കരുതുന്നില്ല. മറിച്ച്, ബന്ധപ്പെട്ട വകുപ്പുകളുടെ മികവ ആണ് കണക്കിലെടുക്കേണ്ടത്. ഉദാഹരണത്തിന്, കമ്പ്യൂട്ടർ സയൻസിൽ മികവുള്ള വകുപ്പുള്ള ഒരു സ്ഥാപനത്തിലെ മറ്റൊരു വകുപ്പ് മികച്ചതായിക്കൊള്ളണം എന്നില്ല. എന്നിരിക്കിലും, ഇന്ത്യയിൽ ഏറ്റവും മികച്ച സ്ഥാപനങ്ങൾ എന്ന് കരുതിപ്പോരുന്നത് ബംഗ്ലൂരിലെ ഐ.ഐ.എസ്.സിയും, ഐ.ഐ.ടികളു മാണ്. ഇവയെക്കൂടാതെ ഐ.ഐ.ഐ.ടി., എൻ.ഐ.ടി. മുതലായ സ്ഥാപനങ്ങളും മുൻനിരയിൽ തന്നെ നിൽക്കുന്നു.

**? എത്ര ഐ.ഐ.ടികൾ ഇപ്പോൾ നിലവിലുണ്ട്.**
= മുൻപുണ്ടായിരുന്ന 7 ഐ.ഐ.ടികളും, ഏതാനും വർഷങ്ങൾക്കു മുൻപ് തുടങ്ങിയ 8 എന്നാവും ഉൾപ്പെടെ ഇപ്പോൾ 15 ഐ.ഐ.ടികൾ നമുക്കുണ്ട്.

**? പുതിയ ഐ.ഐ.ടികളിൽ പഠിക്കുന്നത് ഏതെങ്കിലും വിധത്തിൽ പഠന നിലവാരത്തെ ബാധിക്കുമോ.**
= രാഷ്ട്രപ്രാധാന്യം കല്പ്പിക്കപ്പെടുന്നവയാണ് ഓരോ ഐ.ഐ.ടികളും. ലോകനിലവാരത്തിലെ പഠനമാണ് ഐ.ഐ.ടികൾ കൊണ്ട് സർകാർ ഉദ്ദേശിക്കുന്നതും. അത് കൊണ്ട് തന്നെ മികച്ച സൌകര്യങ്ങളാണ് എല്ലാ ഐ.ഐ.ടികളിലും ഒരുക്കുന്നത്. എങ്കിൽ തന്നെയും ചില ബാലാരിഷ്ടതകൾ പുതിയവയിൽ കണ്ടേക്കാം. ഓരോ സ്ഥാപനത്തിന്റെയും വിശദവിവരങ്ങൾ അവയുടെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഇത്തരം വിവരങ്ങൾ

ശേഖരിച്ചതിനു ശേഷം മാത്രം തീരുമാനമെടുക്കുക.

**?** ഐ.ഐ.എസ്.സി/ഐ.ഐ.ടികളിൽ എങ്ങനെയാണ് അപേക്ഷിക്കേണ്ടത്; എന്നാണ് അവസാന തീയതി; കഴിഞ്ഞ വർഷത്തെ അവസാന റാങ്ക് വിവരങ്ങൾ പറയാമോ?

= ഐ.ഐ.എസ്.സി/ഐ. ഐ.ടികൾ ഇതിനകം തന്നെ അപേക്ഷകൾ ക്ഷണിച്ചു കഴിഞ്ഞു. പലയിടത്തും അപേക്ഷിക്കുവാനുള്ള അവസാന ദിവസങ്ങൾ അടുത്തും കഴിഞ്ഞു. ഉയർന്ന റാന്കുകാർക്ക് ചില സ്ഥാപനങ്ങൾ നേരിട്ട് പ്രവേശനം നൽകുന്നുണ്ട്. ചിലയിടങ്ങളിൽ എഴുത്തുപരീക്ഷയോ, അഭിമുഖമോ, ഇത് രണ്ടുമോ ഉണ്ടാകും. ഇത്തരം വിവരങ്ങൾക്കും, അപേക്ഷകൾ നൽകുവാനും, അതാത് സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളെ മാത്രം ആശ്രയിക്കാം. മുൻ വിദ്യാർഥികളുടെയും, ആദ്ധ്യാപകരുടെയും അഭിപ്രായങ്ങൾ തേടുന്നതിൽ തെറ്റില്ല. കഴിഞ്ഞ വർഷത്തെ അവസാന റാങ്ക് ഉൾപ്പെടെയുള്ള വിവരങ്ങൾ അതാത് സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**?** എൻ.ഐ.ടികളിലെ പ്രവേശനരീതികൾ എങ്ങനെയാണ്.

= കഴിഞ്ഞ വർഷം തെക്കേഇന്ത്യയിലെ ഉൾപ്പെടെ 8 എൻ.ഐ.ടികൾക്ക് പൊതുവിൽ ഒരു അപേക്ഷ സംവിധാനം ആയിരുന്നു. എൻ.ഐ.ടി. ട്രിച്ചിക്കായിരുന്നു അതിന്റെ ചുമതല. ഈ വർഷവും തല്സ്ഥിതി തുടരാനാണ് സാധ്യത. ഇവയെക്കൂടാതെ, ചില എൻ.ഐ.ടികൾ ഒറ്റയ്ക്കൊറ്റയ്ക്ക് പ്രവേശനം നടത്തുന്നുമുണ്ട്. മിക്കവാറും സ്ഥാപനങ്ങളിൽ നേരിട്ടുള്ള പ്രവേസന രീതിയാണുള്ളത്.

**?** ഐ.ഐ.ടികളെയും, ഐ.ഐ.ഐ.ടികളെയും, എൻ.ഐ.ടികളെയും കൂടാതെ മറ്റു നല്ല സ്ഥാപനങ്ങൾ ഏതൊക്കെയാണ്

= അണ്ണാ യൂണിവേഴ്സിറ്റി, ബിറ്റ്സ്, യൂണിവേഴ്സിറ്റി ഓഫ് ഡൽഹി, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഡി.ഐ.എ.ടി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് പൂനെ, ഐ.എസ്.എം ദാൻബാദ് തുടങ്ങി നിരവധി സ്ഥാപനങ്ങൾ നിലവാരമുള്ള പി.ജി. പ്രോഗ്രാമുകൾ നടത്തുന്നവയാണ്.

**?** എം.ടെക്കും എം.എസും തമ്മിലുള്ള വ്യത്യാസം എന്താണ്

ഇന്ത്യയിലെ ചില സ്ഥാപനങ്ങൾ എം.ടെക്കിനു പുറമേ എം.എസ് പ്രോഗ്രാമുകളും നൽകിവരുന്നു (ഉദാ:- ഐ.ഐ.ടി. ചെന്നൈ). പ്രധാനമായും പഠന രീതികളിലെയും മേഖലകളിലെയും വ്യത്യാസമാണ് ഇവ തമ്മിലുള്ളത്. എം.എസ് പ്രോഗ്രാമുകൾ രണ്ടരയോ, മൂന്നോ വർഷങ്ങൾ നീളുമ്പോൾ, എം.ടെക് പ്രോഗ്രാമുകൾ രണ്ടു വർഷം കൊണ്ട് തന്നെ തീരുന്നു. പക്ഷെ, ഗവഷണോന്മുഖമായ പഠനമാണ് എം.എസ്സിനെ വ്യത്യസ്തമാക്കുന്നത്. എം.എസ് പ്രോഗ്രാമുകളിൽ, എം.ടെക്കിലുള്ളതിനെക്കാൾ കൂടുതൽ സമയം ഗവേഷണ പ്രവർത്തനങ്ങൾക്ക് നീക്കി വൈക്കുന്നത് ഈ രംഗത്ത് താല്പര്യമുള്ളവർക്ക് പ്രചോദനമായിരിക്കും. ചില സ്ഥാപങ്ങൾ 'ഗേറ്റ്' മുഖേന തന്നെ പിഎച്.ഡി. ബിരുദത്തിനും അപേക്ഷ ക്ഷണിക്കാറുണ്ട് (ഉദാ:- ഐ.ഐ.എസ്.സി, ബംഗ്ലൂർ) എന്ന് ഇത്തരുണത്തിൽ ഓർമിപ്പിക്കട്ടെ. എന്ന് മാത്രമല്ല, ചില പൊതു മേഖലാ സ്ഥാപങ്ങൾ 'ഗേറ്റ്' സ്കോർ അടിസ്ഥാനമാക്കി നിയമനങ്ങളും നടത്തിവരുന്നു (ഉദാ:- ഒ.എൻ.ജി.സി, ഐ.ഒ.സി.എൽ )

**?** കേരളത്തിലെ പ്രവേശന നടപടികൾ വിശദീകരിക്കാമോ

= നമ്മുടെ സംസ്ഥാനത്തെ ഗവണ്മെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം നടത്തുന്നത് ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എജ്യൂക്കേഷൻ, തിരുവനന്തപുരം ആണ്. ഇതിനുള്ള പൊതുഅപേക്ഷ സാധാരണഗതിയിൽ മെയ് മാസം പുറത്തിറങ്ങുകയാണ് പതിവ്. വിശദവിവരങ്ങൾക്ക്: http://dtekerala.gov.in

സ്വകാര്യസ്ഥാപനങ്ങളും, സർക്കാർ സ്വാശ്രയ സ്ഥാപങ്ങളും സ്വന്തം നിലക്ക് തന്നെ അപേക്ഷകൾ ക്ഷണിക്കുകയാണ് പതിവ് (എയ്ഡഡ് സ്ഥാപനങ്ങളിലെ മാനേജ്മന്റ് സീറ്റ് മാനേജ്മന്റ് തന്നെ നേരിട്ട് നികത്തുന്ന രീതിയാണ് നിലവിലുള്ളത്)

**?** എല്ലാ എം**.**ടെക് പ്രവേശനത്തിനും സ്റ്റൈപ്പന്റ് ലഭിക്കുമോ**?**
= 'ഗേറ്റ്' പരീക്ഷ വിജയിച്ച് നേടിയ സ്കോർ കൊണ്ട് നേടുന്ന പ്രവേശനങ്ങൾക്കാണ് കേന്ദ്ര മാനുഷികവിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ സ്റ്റൈപ്പന്റ് (ഇപ്പോൾ പ്രതിമാസം 8000/- രൂപ) ലഭിക്കുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ ഇത് ലഭിക്കുമോ എന്നുള്ളത് കോഴ്സിനുചേരുന്നതിനു മുൻപ് തന്നെ നേരിട്ട് അന്വേഷിക്കണം (കൽപ്പിത സർവകലാശാലകളിലെ വിദ്യാർത്ഥികൾക്ക് ഈ തുക നല്കിപ്പോരുന്നുണ്ട്).

**?** അടുത്ത വർഷത്തെ **'**ഗേറ്റ്**'** എന്നാണ്**.** അപേക്ഷ എപ്പോൾ മുതൽ സ്വീകരിച്ചു തുടങ്ങും**.**
= സാധാരണയായി മാർച്ച് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് 'ഗേറ്റ്' പരീക്ഷ. ഇതിനുള്ള അപേക്ഷകൾ സെപ്റ്റംബർ മാസം രണ്ടാമത്തെ ആഴ്ച്ചമുതൽ സ്വീകരിക്കും.

**?** എം**.**ടെക് പ്രവേശനത്തിനായി **'**ഗേറ്റി**'**ന് പകരമുള്ള മറ്റു പരീക്ഷകൾ ഏതൊക്കെയാണ്**?**
= 'ഗേറ്റി'ന് പുറമേ തമിഴ്നാടിന്റെ 'ടാൻസെറ്റ്', കർണാടകയുടെ 'പി.ജി.സി.ഇ.ടി.', ആന്ധ്രയുടെ 'പി.ജി.ഇ.സി.ഇ.ടി.' തുടങ്ങിയ ചില പരീക്ഷകൾ കൂടി നടന്നു വരുന്നു. പക്ഷെ, അഖിലേന്ത്യാതലത്തിൽ 'ഗേറ്റി'നുള്ള സ്ഥാനം മറ്റൊരു പരീക്ഷക്കും അവകാശപ്പെടാവുന്നതല്ല.

**?** വിവര ശേഖരണത്തിനായി വെബ്സൈറ്റുകൾ നിർദ്ദേശിക്കാമോ**?**
= ഇപ്പോഴും സ്ഥാപനങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റുകൾ തന്നെ പരിശോധിക്കുന്നതാണ് നല്ലത്. 'ഗേറ്റി'നെ കുറിച്ച കൂടുതൽ അറിയാൻ ഐ.ഐ.ടി. ചെന്നൈയുടെ വെബ്സൈറ്റ്: http://gate.iitm.ac.in/gate2012 . അനൌദ്യോഗികമെങ്കിലും, പ്രയോജനപ്രദമായ മറ്റൊരു വെബ്സൈറ്റ്: http://www.inspirenignite.com

എം.ടെക് അപേക്ഷകൾ ക്ഷണിക്കുന്ന തീയതികളുടെ ഒരു ലഘു പട്ടിക ചേർക്കുന്നു. ഓർക്കുക, ഇത് ഒരു സൂചന പട്ടിക മാത്രം.

| | |
|---|---|
| April | Aligarh Muslim University, Banaras Hindu University (IT-BHU), University of Hyderabad, NIT Allahabad, NIT Bhopal, NIT Hamirpur, NIT Surat, IIIT M Kerala, IIITM Gwalior, IIIT DM Jabalpur, IIIT Delhi, Bengal Engineering and Science University (BESU), BITS Pilani, Defense Institute of Advanced Technology |

| | |
|---|---|
| | (DIAT), Institute of Chemical Technology, Jadavpur University, Netaji Subhas Institute of Technology (NSIT), Post-graduate Engineering common Entrance Test (PGECET) Andhra Pradesh |
| May | NITs common admission, NIT Agartala, NIT Jalandhar,<br>NIT Jamshedpur, NIT Kurukshetra, NIT Nagpur, NIT Durgapur,<br>NIT Silchar, NIT Srinagar, Common admission to Kerala Universities, College of Engineering Pune (COEP), VJTI Mumbai, West Bengal University of Technology, PGCET Karnataka |
| June | NIT Raipur, Delhi College of Engineering DCE, HBTI Kanpur, PEC Technological University, RGTU Bhopal |
| July | NIT Patna, TANCET (Tamil Nadu Common Entrance Test),<br>Punjab Technical University (PTU), Rajasthan Technical University (RTU) |

(സൂചനപ്പട്ടികയ്ക്ക് കടപ്പാട്: www.inspirenignite.com)

ലേഖകന്റെ ഈ-മെയിൽ വിലാസം: arunta007@yahoo.com

*************